# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 772 — 29/11/2018 ൽ മറുപടിക്ക്

**ശബരിമല ക്ഷേത്ര കാര്യങ്ങളിൽ രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.പി.ടി.തോമസ്<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ആചാരലംഘനമുണ്ടായാൽ ശബരിമല ക്ഷേത്രനട അടയ്ക്കുന്നത് സംബന്ധിച്ച് തന്ത്രി അഭിപ്രായം തേടിയതായുള്ള ബിജെ.പി. സംസ്ഥാന അദ്ധ്യക്ഷന്റെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) യും (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ വിശദീകരണം ആരാഞ്ഞിട്ടുണ്ട്. |
| (ബി) | ഇതുസംബന്ധിച്ച് തന്ത്രിയിൽ നിന്നും രേഖാമൂലം വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; | | |
| (സി) | രാഷ്ട്രീയ പാർട്ടികളുടെ ഭാരവാഹികൾ ക്ഷേത്രകാര്യങ്ങളിൽ ഇടപെടുന്നതായുള്ള വെളിപ്പെടുത്തൽ, ശബരിമല പോലുള്ള ഒരു സ്ഥലത്തിന്റെ പുണ്യതയ്ക്കും ക്രമസമാധാനത്തിനും ഭംഗമുണ്ടാക്കുന്നതായി വിലയിരുത്തുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇത്തരം വെളിപ്പെടുത്തലുകളെ ഗൗരവമായി പരിഗണിക്കുന്നതിലും യഥാസമയം നടപടി സ്വീകരിക്കുന്നതിലും അലംഭാവം ഉണ്ടായതിനാലാണ് വർഗ്ഗീയവാദികൾ ക്ഷേത്രാങ്കണത്തിന്റെ ആധിപത്യം കൈയ്യാളുന്നതും പോലീസ് സംവിധാനത്തെപ്പോലും നിഷ്പ്രഭമാക്കി സന്നിധാനത്തിന്റെ നിയന്ത്രണം ഏറ്റെടുക്കുന്നതുമായുള്ള ആക്ഷേപം ഉണ്ടാകാനിടയായത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | വർഗ്ഗീയവാദികൾ ക്ഷേത്രാങ്കണത്തിന്റെ ആധിപത്യം കൈയ്യാളുന്നതു ഒഴിവാക്കുന്നതിനായി ശബരിമലയിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ